ഭരണഭാഷ-മാതൃഭാഷ

## ദേശീയ അദ്ധ്യാപക ക്ഷേമ ഫൗണ്ടേഷൻ കേരളം,
## തിരുവനന്തപുരം.

**നമ്പർ.NFTW/555/2016/ഡി.പി.ഐ,തീയതി. 25.05.2016.**

### സർക്കുലർ

വിഷയം:- ദേശീയ അധ്യാപക ക്ഷേമഫൗണ്ടേഷൻ, കേരള-അധ്യാപകരുടെ മക്കൾ-സർക്കാർ/എയിഡഡ് വിദ്യാലയങ്ങളിൽ പഠിച്ച് എസ്.എസ്.എൽ.സി/ഹയർ സെക്കണ്ടറി പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ.പ്ലസ് വാങ്ങുന്ന കുട്ടികൾക്ക് ക്യാഷ് അവാർഡ് നൽകുന്നത് സംബന്ധിച്ച്.

സൂചന:- ദേശീയ അധ്യാപക ക്ഷേമ ഫൗണ്ടേഷന്റെ 19.03.2015-ൽ കൂടിയ സംസ്ഥാന പ്രവർത്തക സമിതിയുടെ തീരുമാനം.

*****

ദേശീയ അധ്യാപക ക്ഷേമ ഫൗണ്ടേഷൻ കേരള ഘടകത്തിന്റെ 19.03.2015-ൽ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ ചേമ്പറിൽ കൂടിയ പ്രവർത്തക സമിതി യോഗത്തിൽ അധ്യാപകരുടെ മക്കളായ, സർക്കാർ/എയിഡഡ് വിദ്യാലയങ്ങളിൽ പഠിച്ച് 2016 എസ്.എസ്.എൽ.സി/ഹയർ സെക്കന്ററി സ്റ്റേറ്റ് സിലബസ് പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ.പ്ലസ് നേടിയ കുട്ടികൾക്ക് ക്യാഷ് അവാർഡ് നൽകാൻ തീരുമാനിച്ചു. ആയതിനാൽ താങ്കളുടെ അധികാര പരിധിയിൽ വരുന്ന സർക്കാർ/എയിഡഡ് സ്കൂൾ അധ്യാപകരുടെ മക്കളിൽ അവാർഡിന് അർഹരായവരുടെ സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് അടക്കം ഇതോടൊപ്പം ചേർത്തിട്ടുള്ള അപേക്ഷയിൽ 2016 ജൂൺ 30-ാം തീയതിക്കു മുൻപായി താഴെകാണുന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്. അപൂർണ്ണവും, അനുബന്ധരേഖകൾ ഇല്ലാത്തതും, താമസിച്ചു കിട്ടുന്നതുമായ അപേക്ഷകൾ പരിഗണിക്കുന്നതല്ല. അപേക്ഷയോടൊപ്പം അയക്കാത്ത രേഖകൾ പീന്നിട് യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

സെക്രട്ടറി-ട്രഷറർ,
NFTW.

പകർപ്പ്:-

എല്ലാജില്ലാവിദ്യാഭ്യാസ ഓഫീസർമാർക്കും.

വിലാസം:-

അസിസ്റ്റന്റ് സെക്രട്ടറി,
ദേശീയ അധ്യാപക ക്ഷേമഫൗണ്ടേഷൻ,
പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്,
ജഗതി, തിരുവനന്തപുരം-14.

കെ.എസ്./

[illegible]-മാതൃക

**<u>ദേശീയ അദ്ധ്യാപക ക്ഷേമ ഫൗണ്ടേഷൻ കേരളം, പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം.</u>**

**<u>അധ്യാപകരുടെ മക്കളിൽ എസ്.എസ്.എൽ.സി/ഹയർ സെക്കന്ററി പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും A+ വാങ്ങുന്ന വിദ്യാർത്ഥികൾക്കുള്ള ക്യാഷ് അവാർഡിനുള്ള അപേക്ഷ.</u>**

**റവന്യൂ ജില്ല** ☐ **വിദ്യാഭ്യാസ ജില്ല** ☐

1. അപേക്ഷകനായ അധ്യാപകന്റെ/അധ്യാപികയുടെ പേര്, Mobile No., ഉദ്യോഗപ്പേര് :
2. പൂർണ്ണ ഔദ്യോഗിക വിലാസം :
3. കുട്ടിയുടെ പേര് :
4. പഠിച്ച സ്ക്കൂളിന്റെ വിലാസം :
5. പരീക്ഷ എഴുതിയ വർഷം :

   രജിസ്റ്റർ നമ്പർ. :

   എല്ലാ വിഷയങ്ങൾക്കും A+ ലഭിച്ചിട്ടുണ്ടോ? :

സ്ഥലം : അപേക്ഷകന്റെ ഒപ്പ് :

തീയതി :

**അധ്യാപകൻ/അധ്യാപിക ജോലി ചെയ്യുന്ന വിദ്യാലയത്തിന്റെ മേലധികാരിയുടെ സാക്ഷ്യപത്രം**

ശ്രീ/ശ്രീമതി........................... ഈ വിദ്യാലയത്തിലെ അധ്യാപകൻ/അധ്യാപികയാണെന്നും ഈ വിദ്യാലയം സർക്കാർ/എയിഡഡ് വിദ്യാലയമാണെന്നും ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

ആഫീസ് മുദ്ര സ്ഥാപന മേലധികാരിയുടെ ഒപ്പ്

(മറുപുറം)

**കുട്ടി പഠിച്ചിരുന്ന വിദ്യാലയത്തിന്റെ മേലധികാരിയുടെ സാക്ഷ്യപത്രം**

……………………………… എന്ന കുട്ടി ഈ സ്ഥാപനത്തിൽ പഠിച്ച് 2015-ലെ SSLC/+2 പരീക്ഷയിൽ എല്ലാവിഷയങ്ങൾക്കും A+ നേടി വിജയിച്ചിട്ടുണ്ടെന്നും ഈ സ്ഥാപനം സർക്കാർ/എയിഡഡ് വിദ്യാലയമാണെന്നും സാക്ഷ്യപ്പെടുത്തുന്നു.

ആഫീസ് മുദ്ര                                        സ്ഥാപന മേലധികാരിയുടെ ഒപ്പ്

അപേക്ഷ നമ്പർ.                                        ലഭിച്ച തീയതി.

അസിസ്റ്റന്റ് സെക്രട്ടറിയുടെ അഭിപ്രായം

ഒപ്പ്.

കെ.എസ്./